**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2695** — **06/02/2018-ൽ മറുപടിയ്ക്ക്.**

## ക്ഷീരകർഷകർക്ക് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം<br>ശ്രീ, പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. അബ്ദുൽ ഹമീദ്.പി | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്ക് ലഭിച്ചിരുന്ന പാലുത്പാദന പ്രോത്സാഹന ധനസഹായത്തിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; | (എ) | ക്ഷീരവികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഡി.ബി.റ്റി സംവിധാനത്തിലൂടെ ക്ഷീരകർഷകർക്ക് നൽകുന്ന കാലിത്തീറ്റ സബ്സിഡി പദ്ധതിയ്ക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. സംഘത്തിലളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിലാണ് ധനസഹായം നൽകി വരുന്നത്.<br>എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽകൂടി നടപ്പിലാക്കുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ്/കാലിത്തീറ്റ സബ്സിഡി പദ്ധതി പ്രകാരം പൊതുവിഭാഗം ഗുണഭോക്താ ക്കൾക്ക് ഒരു ലക്ഷം രൂപയും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും വാർഷിക വരുമാനം എന്ന ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ, എയിഡഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ പെൻഷണർ, ഫാമിലി പെൻഷണർ എന്നിവർ ആരെങ്കിലും ഉൾപ്പെടുന്ന കുടുംബം, |

| | | | |
|---|---|---|---|
| | | | പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ സ്വകാര്യ ഉപയോഗത്തിനുള്ള നാലുചക്ര മോട്ടോർ വാഹനം ഉടമസ്ഥാവകാശത്തിലുള്ള കുടുംബം എന്നിവരെയും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കുന്ന ഈ തീരുമാനം പുന:പരിശോധിക്കുവാൻ തയ്യാറാകുമോ ? | (ബി) | പുന:പരിശോധിക്കുന്നതിനുള്ള നടപടിയ്ക്കായി ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.